## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5326 | 23.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

**വെല്ലിംഗ്ടൺ ഐലന്റിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | ബഹു:സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും നിർദ്ദേശപ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും ഇപ്പോഴത്തെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>ബഹു:സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും വിധിക്ക് അനുസൃതമായി കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ പാക്കേജ് സെപ്റ്റേജ് സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, എറണാകുളം ജില്ലകളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇതിൽ കൊച്ചിയിലെ ബ്രഹ്മപുരത്തെ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | വെല്ലിംഗ്ടൺ ഐലന്റിൽ കൊച്ചി പോർട്ട് ട്രസ്റ്റിന്റെ സ്ഥലത്ത് നിർമ്മിക്കുന്ന സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; പണി പൂർത്തിയായെങ്കിൽ കമ്മീഷൻ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | വെല്ലിംഗ്ടൺ ഐലന്റിൽ സ്ഥാപിച്ചിട്ടുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയാക്കി 2017 ജനുവരി 1 മുതൽ കമ്മീഷൻ ചെയ്യാൻ പാകത്തിൽ കിടക്കുകയാണ്. എന്നാൽ കരാറുകാരന് നൽകാനുള്ള പണം നൽകാത്തതിനാലും സ്ഥലത്ത് കൊച്ചിൻ പോർട്ട് ട്രസ്റ്റ് കുടിവെള്ള കണക്ഷൻ നൽകാത്തതിനാലും പ്ലാന്റ് കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. |
| (സി) | പ്രസ്തുത പ്ലാന്റിനായി 2013-2014 ൽ നഗരകാര്യ വകുപ്പ് ഡയറക്ടറുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ (2217-05-191-42 Waste Treatment) വകയിരുത്തിയ 18 കോടി രൂപയിൽ എത്ര രൂപ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് നൽകിയിട്ടുണ്ട്; ബാക്കി നൽകാനുള്ള തുക എന്നത്തേക്ക് നൽകും എന്ന് വ്യക്തമാക്കുമോ ? | (സി) | 2013-14 സാമ്പത്തിക വർഷം ഖരമാലിന്യ സംസ്കരണത്തിനായി വകയിരുത്തിയിരുന്ന 18 കോടി രൂപ എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി വിനിയോഗിക്കുന്നതിനായി നിർദ്ദേശം ഉണ്ടായിരുന്നുവെങ്കിലും ശുചിത്വ മിഷന്റെ പദ്ധതികൾക്കായി തുക വിനിയോഗിച്ചത് കാരണം 18 കോടി രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും വക മാറ്റാൻ കഴിയാതെ വന്നിട്ടുള്ളതാണ്. ഈ ആവശ്യത്തിലേയ്ക്കായി 553.48 ലക്ഷം രൂപ 2217-05-191-42 എന്ന ശീർഷകത്തിൽ നിന്നും കെ.എസ്.യു.ഡി.പി.ക്ക് അനുവദിച്ചിട്ടുള്ളതാണ്. ആയതിൽ 536.51 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതായി കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ടി ആവശ്യത്തിലേയ്ക്ക് ധനപുനർവിനിയോഗം മുഖേന ഫണ്ട് കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ